(സി) എൻഡോസൾഫാൻ വിഷബാധയേറ്റ് ശാരീരികവൈഷമ്യം പെൻഷനാകാതെ ബുദ്ധിമുട്ടുന്നവർക്ക് വരുമാനം ലഭ്യമാക്കാൻ സഹായിക്കുന്ന മറ്റെന്തൊക്കെ പദ്ധതികൾ നടപ്പാക്കാൻ കഴിയുമെന്ന് കണ്ടെത്താൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുമോ ;

(ഡി) ഇക്കാര്യത്തിൽ മറ്റ് എന്തൊക്കെ പ്രവർത്തനങ്ങളാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ

25 (1566) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്കാണ് സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ നൽകിവരുന്നത് :

(ബി) ഇവർക്ക് നൽകുന്ന നിലവിലെ പെൻഷൻ പ്രതിമാസം എത്ര രൂപയാണ് ;

(സി) ഇവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത് ; വിശദമാക്കുമോ ;

(ഡി) ഇവരിൽ എത്ര പേർക്കാണ് കേന്ദ്ര സർക്കാരിന്റെ സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ലഭിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 5500 രൂപയും 30% ഡി.എയും

(സി) സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

(1) കെഎസ്ആർടിസി-യുടെ എല്ലാത്തരം ബസ്സുകളിലും സ്വാതന്ത്ര്യസമര സേനാനികൾക്കും അവരുടെ വിധവകൾക്കും സൗജന്യ യാത്രാസൗകര്യം അനുവദിച്ചിട്ടുണ്ട്. കേന്ദ്ര പെൻഷൻ ലഭിക്കുന്നവർക്ക് ട്രെയിനിലും യാത്രാ സൗജന്യമുണ്ട്.

(2) സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ ആശ്രിതർക്കും സർക്കാർ ആശുപത്രികളിൽ മെഡിക്കൽ കാർഡിന്റെ അടിസ്ഥാനത്തിൽ സൗജന്യ വൈദ്യ സഹായം നൽകിവരുന്നു. ഇതിനുപുറമെ മരുന്നുകൾക്ക് റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യവും ലഭ്യമാണ്. കൂടാതെ ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ചികിത്സയ്ക്ക് റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(3) സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ വിധവകൾക്കും ഗാർഹിക് വൈദ്യുതി കണക്ഷൻ സ്പെഷ്യൽ കാറ്റഗറിയിൻ കീഴിൽ ലഭിക്കുന്നതിന് (out of turn priority) അർഹതയുണ്ട്.

(4) സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ പെൻഷൻ ലഭിക്കുന്ന വിധവകൾക്കും Non OYT/SWS വിഭാഗത്തിൽ കീഴിൽ സാങ്കേതിക സാധ്യതകൾക്ക് വിധേയമായി ഒരു ടെലിഫോൺ കണക്ഷൻ ലഭിക്കുന്നതിനും അർഹതയുണ്ട്.

(5) സ്വാതന്ത്ര്യ സമര സേനാനിയുടെ മരണാനന്തര ചെലവുകൾക്കായി 3000 രൂപ നൽകിവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള ആനുകൂല്യങ്ങൾ

26 (1567) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്വാതന്ത്ര്യ സമരസേനാനികൾ ജീവിച്ചിരിക്കുന്നു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ജീവിതച്ചെലവും, ചികിത്സാച്ചെലവും ഗണ്യമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇവരുടെ പെൻഷനും മറ്റു സഹായങ്ങളും വർദ്ധിപ്പിക്കുന്നതിന് തയ്യാറാകുമോ ;

(സി) ഇവർക്ക് ഇപ്പോൾ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) സ്വാതന്ത്ര്യ സമര സേനാനികൾക്ക് നിലവിൽ 5500 രൂപ പെൻഷനും 30% ഡി.എ. യും അനുവദിച്ചിട്ടുണ്ട്. ഇവരുടെ ന്യായവും അംഗീകരിക്കപ്പെടാൻ യോഗ്യവുമായ എല്ലാ ആവശ്യങ്ങളും കാലാകാലങ്ങളിൽ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതനുസരിച്ചാണ് പെൻഷൻ, ഫാമിലി പെൻഷൻ, ബസ്-ട്രെയിൻ യാത്രാ സൗജന്യം, സൗജന്യ ചികിത്സാ പദ്ധതി, മറ്റു പലവിധ അപേക്ഷകൾക്കുള്ള മുൻഗണനാക്രമം, മരണാനന്തര ചടങ്ങിനുള്ള ചെലവ് തുടങ്ങിയ ആനുകൂല്യങ്ങൾ സ്വാതന്ത്ര്യസമര സേനാനികൾ അനുഭവിച്ചു വരുന്നത്. സ്വാതന്ത്ര്യ സമര സേനാനികളുടെ ഡി.എ. വർദ്ധന സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly